# കേരള സംസ്ഥാന സഹകരണ ജീവനക്കാരുടെ പെൻഷൻ ബോർഡ്

പിബി/പിആർഒ/ 440/12/2014 തിയതി: 16.9.2014

## സർക്കുലർ നമ്പർ 01/2014

വിഷയം:- സഹകരണ പെൻഷൻ പദ്ധതി--പരിഷ്കരണം സംബന്ധിച്ച്--
സൂചന:- 03.09.2014 തിയതിയിലെ ജി.ഒ (എംഎസ്) 108/2014/സഹ:നം.ഉത്തരവ്.

-------

സൂചന ഉത്തരവ് പ്രകാരം സഹകരണ പെൻഷൻ ബോർഡ് മുഖാന്തിരം പെൻഷൻ വാങ്ങി വരുന്ന എല്ലാ പെൻഷൻകാരുടെയും പെൻഷനിൽ വർദ്ധനവുണ്ടായിട്ടുണ്ട്. ജീവനക്കാരുടെ പെൻഷൻ ഫണ്ട് വിഹിതമായി പെൻഷൻ ബോർഡിൽ അടവാക്കേണ്ട നിരക്കിലും വർദ്ധനവുണ്ട്. ടി ഉത്തരവ് പ്രകാരം സംഘങ്ങൾ സ്വീകരിക്കേണ്ട നടപടികൾ ചുവടെ ചേർക്കുന്നു.

1) ജീവനക്കാരുടെ പേർക്ക് പ്രാഥമിക സഹകരണ സംഘങ്ങൾ പെൻഷൻ ബോർഡിൽ അടവാക്കേണ്ട പെൻഷൻ ഫണ്ട് വിഹിതം ജീവനക്കാരന്റെ ബേസിക്ക് പേ + ഡി. എ. യുടെ 12% ആയി ഏകീകരിച്ചിട്ടുണ്ട്. സപ്തംബർ 2014 മുതൽ വർദ്ധിപ്പിച്ച നിരക്കിലുള്ള വിഹിതം പലിശ കൂടാതെ ഡിസംബർ 2014 വരെ അടവാക്കാവുന്നതാണ്. അതിനു ശേഷം കുടിശ്ശികയ്ക്ക് അടവാക്കുന്ന തിയതി വരെ പദ്ധതി പ്രകാരം 24% നിരക്കിൽ പലിശ ഈടാക്കുന്നതാണ്. പെൻഷൻ ഡോക്കറ്റിന്റെ വില 100/- രൂപയിൽ നിന്നും 200/- രൂപയായി 01.09.2014 മുതൽ വർദ്ധിപ്പിച്ചിട്ടുണ്ട്.

2) നിലവിലുള്ള പെൻഷൻകാർക്ക് ലഭിച്ചു വരുന്ന പെൻഷൻ പരിഷ്ക്കരിക്കുന്നതിന് പെൻഷൻകാരുടെ പെൻഷൻ ബുക്ക് സഹിതം സംഘം മുഖേന റിവിഷൻ അപേക്ഷ സമർപ്പിക്കേണ്ടതാണ്.

3) പദ്ധതിയിൽ അംഗമായ സഹകരണ സ്ഥാപനത്തിൽ നിന്നും സൂപ്പറാനുവേഷനായി വിരമിച്ച 75 വയസിനു മുകളിൽ പ്രായമുള്ള മറ്റ് യാതൊരു പെൻഷനും ലഭിയ്ക്കാത്ത മുൻ ജീവനക്കാർക്ക് പ്രതിമാസം 1000/- രൂപ ആശ്വാസ് പെൻഷന് അർഹതയുണ്ട്. ആയതിനുള്ള അപേക്ഷ ഫോറം പെൻഷൻ ബോർഡിന്റെ ഔദ്യോഗിക വെബ്സൈറ്റായ ംംം.സരെലുയ.രീ.ൽ ലഭ്യമാണ്.

ആശ്വാസ് പെൻഷൻ അപേക്ഷയോടൊപ്പം ജീവനക്കാരന്റെ സർവ്വീസ് ബുക്ക്, സർവ്വീസ് സർട്ടിഫിക്കറ്റ്, പ്രായം തെളിയിക്കുന്നതിനുള്ള രേഖ, മറ്റ് യാതൊരു പെൻഷനും ലഭിയ്ക്കുന്നില്ല എന്ന് സാക്ഷ്യപ്പെടുത്തിയ സംഘം സെക്രട്ടറിയുടെ/അസിസ്റ്റന്റ് രജിസ്ട്രാറുടെ സർട്ടിഫിക്കറ്റ് എന്നിവ സമർപ്പിക്കേണ്ടതാണ്.

4) മരണപ്പെട്ട ജീവനക്കാരന്റെ ആശ്രിത പെൻഷൻ വാങ്ങി വരുന്ന ഭാര്യ/ഭർത്താവ് മരണപ്പെടുകയോ പുനർ വിവാഹം ചെയ്യുകയോ ചെയ്താൽ ജീവനക്കാരന്റെ മകൾക്ക്/മകന് 25 വയസ് പൂർത്തിയാകുന്നതു വരെ അഥവാ വിവാഹം കഴിയുന്നതു വരെ ആശ്രിത പെൻഷന് അർഹതയുണ്ടായിരിക്കുന്നതാണ്. ആയതിന് കുടുംബ പെൻഷന് അപേക്ഷിക്കേണ്ട നടപടി ക്രമങ്ങൾ സ്വീകരിക്കേണ്ടതാണ്.

അഡീഷണൽ രജിസ്ട്രാർ/സെക്രട്ടറി